കൈത്തറി രംഗത്ത് ഗുണമേന്മയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ പദ്ധതി

10 (* 717) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ ജോയി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്ത് ഉന്നത ഗുണമേന്മയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) കൂടുതൽ കൈത്തറി ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുവാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ സീസണിലും വിദേശ കൈത്തറി മാർക്കറ്റുകളിൽ മാറി മാറി വരുന്ന അഭിരുചിയും ഫാഷനുമനുസരിച്ച് കൈത്തറി ഉല്പാദനത്തിൽ വേണ്ട പരിഷ്ക്കരണങ്ങൾ വരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ & ബി) ഉന്നത ഗുണമേന്മയുള്ള വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നതിനും അവ വിപണിയിലെത്തിക്കാനുമായി ദീൻ ദയാൽ കൈത്തറി വികസന പദ്ധതി ഹാന്റ്റ്ലൂം എക്സ്പോർട്ട് സ്കീം എസ്.ജി.എ.വൈ. സ്കീം പ്രകാരം സ്പെഷ്യൽ പ്രോജക്ട്, തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ ഈ ലക്ഷ്യം മുൻനിർത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്സ്റ്റൈൽ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം കണ്ണൂരിൽ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) മാറി മാറി വരുന്ന അഭിരുചിയും ഭാവനയുമനുസരിച്ച് കൈത്തറി ഉല്പാദന രംഗത്ത് വേണ്ടതായ പരിഷ്ക്കാരങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നീ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി കൊണ്ട് ദീൻ ദയാൽ കൈത്തറി വികസന പദ്ധതി ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം എന്നീ കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നു.

സംസ്ഥാന സഹകരണ യൂണിയൻ ഭരണ സമിതി തെരഞ്ഞെടുപ്പ്

11 (* 718) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതിതെരഞ്ഞെടുപ്പ് എന്ന് നടത്തുമെന്ന് വ്യക്തമാക്കാമോ ; തെരഞ്ഞെടുപ്പ് നടത്താൻ കാലതാമസം നേരിട്ടതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുണ്ടായിരുന്നതും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടതുമായ ഭരണസമിതിയെ സർക്കാർ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏർപ്പെടുത്തുകയുണ്ടായോ ; എങ്കിൽ കാരണമെന്തായിരുന്നു ;

(സി) സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ സഹകരണ യൂണിയന്റെയും ഘടനയിലോ പ്രവർത്തനത്തിലോ തെരഞ്ഞെടുപ്പ് രീതിയിലോ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ ;

(ഡി) എങ്കിൽ ഈ മാറ്റങ്ങൾ എന്ത് ഉദ്ദേശ്യത്തോടുകൂടിയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) സർക്കിൾ സഹകരണ യൂണിയനുകളിൽ എത്രയെണ്ണത്തിന് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ട്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) സർക്കിൾ സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പുനടത്തി യൂണിയനുകൾ രൂപീകരിച്ച് സർക്കാർ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷമേ സംസ്ഥാന സഹകരണ യൂണിയന്റെ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുവാൻ കഴിയുകയുള്ളു. തെരഞ്ഞെടുപ്പിൽ ആശയക്കുഴപ്പത്തിനും തർക്കത്തിനും ഇടയാക്കുന്ന 1969-ലെ കേരള സഹകരണ സംഘം ചട്ടം 128 (1) നുള്ള ദോഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കരട് വിജ്ഞാപനം 21-3-2003-ൽ 13201/ബി1/ 2002/ സഹ. നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) നിലവിലുണ്ടായിരുന്ന ഭരണസമിതിയെ പിരിച്ചുവിടുകയുണ്ടായില്ല. നിലവിലുണ്ടായിരുന്ന ഭരണസമിതിക്ക് കാലാവധി നഷ്ടപ്പെട്ടതിനാൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയാണുണ്ടായത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചിറയിൻകീഴ്, ചേർത്തല എന്നീ രണ്ടു സർക്കിൾ സഹകരണ യൂണിയനുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിലുണ്ട്.

കൈത്തറി വികസനത്തിന് ഗവേഷണം

12 (* 719) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ കൈത്തറി രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ഗവേഷണങ്ങൾ നടത്തുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly